എഞ്ചിനീയറിംഗ് കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

ജില്ലാ ആംഡ് റിസർവ്വ് വിഭാഗത്തിലുള്ള അസിസ്റ്റന്റ് കമാന്റഡുമാരുടെ സ്ഥലംമാറ്റവും നിയമനവും

30 [99] *ശ്രീ. സ്റ്റീഫൻ ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ജില്ലാ ആംഡ് റിസർവ്വ് വിഭാഗത്തിലുള്ള അസിസ്റ്റന്റ് കമാന്റഡുമാരുടെ സ്ഥലംമാറ്റവും നിയമനവും ആരുടെ നിയന്ത്രണത്തിലാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ സ്ഥലംമാറ്റി നിയമിക്കുന്ന ജില്ലാ ആംഡ് റിസർവ്വിലെ ചില അസിസ്റ്റന്റ് കമാന്റഡുമാർ സർക്കാർ അറിയാതെ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും അവർ എവിടെയാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതുതടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് കമാന്റഡുമാരുടെ സ്ഥലംമാറ്റവും നിയമനവും സർക്കാരിന്റെ നിയന്ത്രണത്തിലാണ്.

(ബി) -- (ഡി) എസ്.സി.ആർ.ബി.-യിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ മോഡ്യൂൾസ് ഡെവലപ്പ് ചെയ്യുന്നതിന് പരിചയം സിദ്ധിച്ച ഒരു ആഫീസറെ ആവശ്യമാണെന്ന് പോലീസ് ഐ.ജി. (എസ്.സി.ആർ.ബി.) ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സയൻസിൽ ഡിഗ്രിയും നിരവധി കമ്പ്യൂട്ടർ കോഴ്സുകളിൽ പങ്കെടുത്തിട്ടുള്ള വ്യക്തിയുമായ ശ്രീ. എം. ആർ. നന്ദകുമാർ, അസിസ്റ്റന്റ് കമാൻഡന്റിനെ ഒരു വർഷത്തെ വർക്കിംഗ് അറേഞ്ച്മെന്റിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ മോഡ്യൂൾസ് ഡെവലപ്പ് ചെയ്യുന്നതിനായി എസ്.സി.ആർ.ബി.-യിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി കോടതിയിലെ അഭിഭാഷകനായ ശ്രീ. വിനോദ് കുമാറിനെ പോലീസ് കൊണ്ടുപോയ സംഭവം

31 [100] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കോടതിയിലെ അഭിഭാഷകനായ ശ്രീ. വിനോദ് കുമാറിനെ 7-6-2005-ന് അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നും ബലമായി പോലീസ് ജീപ്പിൽ കൊണ്ടുപോകാൻ കാരണമെന്താണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly